"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -LID&EW - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. യേശുദാസ്. X [PEN No.693042] -ന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.2366/2024/LSGD തീയതി,തിരുവനന്തപുരം, 05-12-2024

---

പരാമർശം:- 1. 18.07.2022 തീയതിയിലെ സ.ഉ(സാധാ)നം.1705/2022/തസ്വഭവ നമ്പർ ഉത്തരവ്

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 21.10.2024-ലെ LSGD / PD / 19863 / 2024 - DEH2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന ശ്രീ. യേശുദാസ്. X -ന് പരാമർശം (1) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി സ്ഥാനക്കയറ്റം ലഭിക്കുകയും 25.07.2022 പൂർവാഹ്നത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

ടിയാൻ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറലും, കൂടാതെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് വയനാട്(കൽപ്പറ്റ നോർത്ത്) ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ്അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. യേശുദാസ്. X -ന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

തസ്തികയിലെ പ്രൊബേഷൻ കെ. എസ് & എസ്. എസ്. ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 25.01.2023 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ) തൃശ്ശൂർ.
4. ശ്രീ. യേശുദാസ്. X, അസി.എക്സി.എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi LP
സെക്ഷൻ ഓഫീസർ
Date: 05-12-2024 10:57:37